**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5115** **04-07-2024 - ൽ മറുപടിയ്ക്ക്**

**അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അനുപാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളിലെ അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റി വയ്ക്കുന്ന ഒഴിവുകളുടെ അനുപാതം മുൻകാലങ്ങളിലേതിനെക്കാളും വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 23.05.2024 ലെ സ.ഉ(കൈ) നം. 50/2024/ പൊ.വി.വ പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അനുപാതം, ജില്ലകളിലെ നേരിട്ടുള്ള പി.എസ്.സി നിയമനത്തെ ബാധിക്കാതെ, നിലവിലെ 10% എന്നത് എൽ.പി/യു.പി സ്കൂൾ അധ്യാപകർക്ക് 20% വും ഹൈസ്കൂൾ അധ്യാപകർക്ക് 15% വും ആയി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിൽ ഇതിന് ആധാരമാക്കിയ കാരണങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | മുൻപ് അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അനുപാതം എൽ.പി/യു.പി സ്കൂൾ അധ്യാപകർക്ക് 35%, ഹൈസ്കൂൾ അധ്യാപകർക്ക് 25%, ഭാഷാധ്യാപകർക്ക് 30% ആയിരുന്നത് 24/12/2021 ലെ സ.ഉ. (പി) 27/2021/പൊ.വി.വ ഉത്തരവ് പ്രകാരം 10% ആയി കുറച്ചിരുന്നു. ആയതിനെതിരെ നിരവധി നിവേദനങ്ങൾ ലഭിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് 23.05.2024 ലെ സ.ഉ(കൈ) നം. 50/2024/പൊ.വി.വ പ്രകാരം എൽ.പി/യു.പി സ്കൂൾ അധ്യാപകർക്ക് 20% ആയും ഹൈസ്കൂൾ അധ്യാപകർക്ക് 15% ആയും ഉയർത്തിയത്. |
| (സി) | ഇത്തരത്തിൽ സ്ഥലംമാറ്റത്തിനുള്ള അനുപാതം വർദ്ധിപ്പിച്ചത് പി.എസ്.സി. വഴിയുള്ള നിയമനത്തെ ബാധിക്കുമോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; ജില്ലകളിലെ നേരിട്ടുള്ള പി.എസ്.സി. നിയമനത്തെ ഇത് ബാധിക്കാതെയിരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | 23.05.2024 ലെ സ.ഉ(കൈ) നം. 50/2024/ പൊ.വി.വ പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അനുപാതം, ജില്ലകളിലെ നേരിട്ടുള്ള പി.എസ്.സി നിയമനത്തെ ബാധിക്കാതെയാണ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുള്ളത്. ആയതിനാൽ പി.എസ്.സി വഴിയുള്ള നേരിട്ടുള്ള നിയമനത്തെ ബാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ